(ബി) നിലവിൽ എത്ര പ്രൊഫഷണൽ നാടക ഗ്രൂപ്പുകളാണ് നാടകാവതരണം നടത്തി വരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ രംഗത്ത് എത്ര കലാകാരൻമാരും സാങ്കേതിക വിദഗ്ദ്ധരും പ്രവർത്തിക്കുന്നു എന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ഡി) പ്രൊഫഷണൽ നാടകഗ്രൂപ്പുകളെ സഹായിക്കാൻ എന്തൊക്കെ പരിപാടികളാണ് സർക്കാർ നടത്തി വരുന്നതെന്ന് വിശദമാക്കുമോ;

(ഇ) സാംസ്കാരിക മേഖലയിൽ നിർണ്ണായക സ്വാധീനം ചെലുത്തിയിട്ടുള്ള നാടക സമിതികളെ രക്ഷിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിന് ഈ രംഗത്തെ സംഘടനാ നേതാക്കളുടെയും ജനപ്രതിനിധികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെയും അക്കാദമി ഭാരവാഹികളുടെയും ഉന്നതതലയോഗം സർക്കാർ മുൻകൈയെടുത്തു വിളിച്ചു ചേർക്കുമോ;

(എഫ്) പ്രൊഫഷണൽ നാടകരംഗത്തെ പ്രശ്നങ്ങൾ പഠിക്കാൻ വിദഗ്ദ്ധ സമിതിയെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 66.

(സി) വിവരം ലഭ്യമല്ല.

(ഡി) പ്രൊഫഷണൽ നാടകഗ്രൂപ്പുകൾക്ക് കേരള സംഗീത നാടക അക്കാദമി അംഗീകാരം നൽകുന്നുണ്ട്. പ്രൊഫഷണൽ നാടക മത്സര നിയമാവലിയനുസരിച്ച് അക്കാദമിയിൽ അംഗീകാരമുള്ള ഗ്രൂപ്പുകളെ ഉൾപ്പെടുത്തി സംസ്ഥാന പ്രൊഫഷണൽ നാടകമത്സരം നടത്തി വിജയികൾക്ക് അവാർഡ് നൽകാറുണ്ട്.

(ഇ, എഫ്) സർക്കാരിന്റെ സാമ്പത്തിക പരിമിതിക്കകത്തുനിന്നുകൊണ്ട് ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനാകുമെന്ന് പരിശോധിക്കാവുന്നതാണ്.

ക്ഷേത്രങ്ങളുടെ നടത്തിപ്പിനുള്ള വരുമാനം

41 [4781] ശ്രീ. വി. ബാലറാം:
" തേറമ്പിൽ രാമകൃഷ്ണൻ:
" പി. ജെ. ജോയി:
" എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ക്ഷേത്രങ്ങളിൽനിന്ന് ലഭിക്കുന്ന വരുമാനംകൊണ്ട് ദേവസ്വം ബോർഡുകളുടെയും ക്ഷേത്രങ്ങളുടെയും കാര്യങ്ങൾ സുഗമമായി നടത്തിക്കൊണ്ടു പോകുവാൻ കഴിയുന്നുണ്ടോയെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ദേവസ്വം ബോർഡുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ക്ഷേത്രങ്ങളിൽനിന്ന് ലഭിക്കുന്ന വരുമാനംകൊണ്ട് ബോർഡുകളുടെയും ക്ഷേത്രങ്ങളുടെയും ദൈനംദിന കാര്യങ്ങൾ നടത്തി കൊണ്ടു പോകുവാൻ കഴിയുന്നുണ്ട്. എന്നാൽ, എല്ലാ ക്ഷേത്രങ്ങളുടെയും വികസന പ്രവർത്തനങ്ങൾക്ക് ഈ വരുമാനം പര്യാപ്തമല്ല.

ദേവസ്വം ബോർഡുകൾക്ക് സംസ്ഥാന ഗവൺമെന്റ് നൽകി വരുന്ന ഗ്രാന്റ്

42 [4782] ശ്രീ. ജോർജ്ജ് ജെ. മാത്യു:
.. ലൂഡി ലൂയിസ്:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
.. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ദേവസ്വം ബോർഡുകൾക്ക് ഗവൺമെന്റ് ഗ്രാന്റ് നൽകുന്നുണ്ട് എന്നും ഇവയ്ക്ക് ഗ്രാന്റ് നൽകുന്നത് എന്തടിസ്ഥാനത്തിലാണെന്നും വ്യക്തമാക്കുമോ;

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന് നൽകി വരുന്ന ഗ്രാന്റിന്റെ തുക എന്ന് നിശ്ചയിച്ചതാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഗ്രാന്റ് വർദ്ധിപ്പിക്കണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ ഗ്രാന്റ് വർദ്ധിപ്പിക്കാനുദ്ദേശ്യമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) മറ്റേതെങ്കിലും മതങ്ങളുടെ ആരാധനാ സ്ഥാപനങ്ങൾക്കോ അവിടത്തെ ജീവനക്കാർക്കോവേണ്ടി ഗവൺമെന്റിൽനിന്നും ഗ്രാന്റ് കൊടുക്കുന്നുണ്ടോ;

(ഇ) എങ്കിൽ ഗ്രാന്റ് തുക എത്ര; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്, കവനന്റിന്റേയും ഇൻഡ്യൻ ഭരണ ഘടനയുടെ ആർട്ടിക്കിൾ 290 എ-യുടേയും അടിസ്ഥാനത്തിൽ 46.5 ലക്ഷം രൂപ കോൺട്രിബ്യൂഷനായി നൽകുന്നുണ്ട്. ഇതിൽ 6 ലക്ഷം രൂപ ശ്രീപദ്മനാഭസ്വാമി ക്ഷേത്ര ത്തിനുള്ളതാണ്. ഇത് വർദ്ധിപ്പിക്കണമെന്ന ആവശ്യത്തിൻമേൽ തീരുമാനമെടുക്കുന്നതു വരെ സ്പെഷ്യൽ ഗ്രാന്റായി തിരുവിതാംകൂർ ദേവസ്വം ബോർഡിന് 15 ലക്ഷം രൂപയും നൽകുന്നുണ്ട്.

(ബി) കോൺട്രിബ്യൂഷൻ തുകയായ 46.5 ലക്ഷം രൂപ 1949-ലും സ്പെഷ്യൽ ഗ്രാന്റായ 15 ലക്ഷം രൂപ 1995-ലുമാണ് നിശ്ചയിച്ചത്.

(സി) ഉണ്ട്. ഇക്കാര്യം പരിഗണനയിലാണ്.

(ഡി, ഇ) ദേവസ്വം വകുപ്പിൽനിന്നും നൽകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly